# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 575

## (05.06.2018 ലെ മറുപടിക്ക്)

**പയ്യന്നൂർ, ചെറുപുഴ എന്നീ സബ്ബ് ട്രഷറികൾക്ക് പുതിയ കെട്ടിടം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.സി.കൃഷ്ണൻ**<br>**(ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ മന്ത്രി)** |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, ചെറുപുഴ എന്നീ സബ്ബ് ട്രഷറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെയായി എന്ന് വിശദമാക്കാമോ; | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന പയ്യന്നൂർ സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 24/05/2018 ലെ G.O.(Rt) No. 4469/2018/ധന നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുപുഴ സബ്ട്രഷറിക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം വിട്ട് നൽകാൻ സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള സമ്മത പത്രം സ്വകാര്യ വ്യക്തി ട്രഷറി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന്റെ പേരിൽ കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ